(Pages : 4) **T – 6011**

**Reg. No. : ..............................**

**Name : ..................................**

**Third Semester B.A. Degree Examination, July 2024**

**First Degree Programme under CBCSS**

**Double Main Programme**

**English and Malayalam Literature**

**Core Course**

**EML 1341 : മലയാളനാടകസാഹിത്യം**

**(2020 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ **ഒറ്റ** വാചകത്തിലോ ഉത്തരമെഴുതുക.

1. മലയാളനാടകസാഹിത്യചരിത്രം രചിച്ചതാര് ?

2. കെ.സി. കേശവപിള്ള രചിച്ച സംഗീതനാടകമേത് ?

3. പ്രതിനായകന്റെ പതനം വീരചരിതമാക്കി ആവിഷ്കരിച്ചിരിക്കുന്ന ഭാസനാടകമേത് ?

4. മലയാളത്തിലെ ആദ്യത്തെ തനതുനാടകമേതാണ് ?

5. ഷേക്സ്പിയർ നാടകത്തിന് മലയാളത്തിലുണ്ടായ ആദ്യ വിവർത്തനം ഏതാണ് ?

6. രാമായണനാടകത്രിതയം എന്നറിയപ്പെടുന്ന രചനകളേതെല്ലാമാണ് ?

**P.T.O.**

7. സൗപർണ്ണിക എന്ന നാടകം രചിച്ചതാരാണ് ?

8. 2019 ലെ മികച്ച നാടകത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതിയേത് ?

9. ലേബർറൂം എന്ന നാടകത്തിന്റെ കർത്താവാര് ?

10. സ്ത്രീവിമോചനപ്രവർത്തനത്തിന്റെ ഭാഗമായി ഉയർന്നു വന്ന ആദ്യ പരീക്ഷണനാടകമേത് ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. മലയാളത്തിലെ ആദ്യകാല നാടകക്കമ്പനികളെ പരിചയപ്പെടുത്തുക.

12. പ്രഹസനങ്ങൾ - കുറിപ്പെഴുതുക.

13. ചുരുക്കത്തിൽ ഞാൻ മറ്റെല്ലാം വേണ്ടാച്ച് അടുക്കളക്കാര്യാവണംന്നാ വന്നുകൂടണ് അല്ലേ? - സൂചിതമെന്ത്?

14. കരടി എന്ന നാടകത്തിലൂടെ ആന്റൺ ചെക്കോവ് നല്കുന്ന സന്ദേശമെന്ത്?

15. 'ആശാന്മാര് എന്താ പറഞ്ഞത്ച്ചാ പാവകളെപ്പോലെ അതൊക്കെ കെട്ടിയാട്വാ - ഒട്ടും ആലോചനയില്ല്യ' - വിവക്ഷിതമെന്ത്?

16. സംഗീതനാടകത്തെ ഒരു ജനകീയകല എന്ന നിലയിൽ വിലയിരുത്തുക.

17. 'എന്റെ മാനദണ്ഡം ഞാൻ ലാളിക്കുന്ന തത്ത്വങ്ങളാണ്. അതാണ് എന്റെ മൂല്യവും' - വക്താവാര്? വിശദമാക്കുക.

18. എപ്പിക് നാടകവേദിയെ പരിചയപ്പെടുത്തുക.

19. പുലിജന്മത്തെ തനതുനാടകമായി പരിഗണിക്കാമോ?

20. താൻ മധ്യമനാണ് എന്ന് ഭീമൻ പറയുന്നതെന്തുകൊണ്ടാണ്?

21. സ്ത്രീനാടകവേദിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളെന്തായിരുന്നു?

22. ഇബ്സനിസം - കുറിപ്പെഴുതുക.

**(8 × 2 = 16 Marks)**

III. **ഒരു** പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. നാട്യശാസ്ത്രപാരമ്പര്യത്തെ ഏറ്റവുമധികം സംരക്ഷിക്കുന്നത് കേരളമാണ്. ഈ നിരീക്ഷണത്തിന്റെ സാംഗത്യമെന്ത്?

24. കാരിഗുരുക്കൾ - കഥാപാത്രനിരൂപണം നടത്തുക.

25. കുറിയേടത്തു താത്രി സ്ത്രീവിമോചനത്തിന്റെ പ്രതീകമാണ് - വിലയിരുത്തുക.

26. നലമൊക്കുമിവന്നു ചിത്തമെന്തീ,

    നിലയിൽ പ്രാണിദയാവിഹീനമായി?

    - ആരെക്കുറിച്ചാണീ വാക്കുകൾ ഭീമൻ പറയുന്നത്? വിശദമാക്കുക.

27. നരേന്ദ്രപ്രസാദിന്റെ നാടകത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.

28. എക്സ്പ്രഷണിസം - കുറിപ്പെഴുതുക.

29. ക്രൈസ്തവസമൂഹത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെയും ദുഷ്പ്രവണതകളെയും വിമർശിക്കുന്ന നാടകമാണ് മറിയാമ്മ നാടകം - വിലയിരുത്തുക.

30. 'വംശവികാസത്തിന്റെ ധർമ്മമാണത്' - ഏത്?

31. അന്തർജ്ജനങ്ങൾ പണിയെടുക്കണം അടിമകളായിട്ടല്ല, സ്വതന്ത്രമായിട്ട് - തികച്ചും സ്വതന്ത്രമായിട്ട് എന്ന ദേവകിയുടെ വാക്കുകളുടെ അർത്ഥമെന്ത്? വിശദീകരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. സുഘടിതനാടകസങ്കല്പത്തിന് നാന്ദി കുറിച്ച കൃതിയാണ് ഭഗ്നഭവനം. വിലയിരുത്തുക.

33. മലയാളനാടകത്തിന്റെ വളർച്ചയിൽ വിവർത്തന നാടകങ്ങൾക്കുള്ള പങ്കിനെപ്പറ്റി വിവരിക്കുക.

34. രണ്ടു വ്യത്യസ്തകാലഘട്ടത്തിലെ സ്ത്രീയനുഭവത്തിന്റെ വ്യത്യസ്തതലങ്ങളെ സമ്മേളിപ്പിക്കുന്ന നാടകമാണ് ഓരോരോ കാലത്തിലും. സമർത്ഥിക്കുക.

35. ശസ്ത്രവും ശാസ്ത്രവും തമ്മിലും ശക്തിയും തന്ത്രവും തമ്മിലും ഇച്ഛയും ബുദ്ധിയും തമ്മിലുമുള്ള വ്യത്യാസങ്ങൾ രൂക്ഷമായി പ്രതിപാദിക്കുന്ന കൃതിയാണ് ലങ്കാലക്ഷ്മി. ഈ നിരീക്ഷണത്തിന്റെ സാംഗത്യം പരിശോധിക്കുക.

**(2 × 15 = 30 Marks)**

---